**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ അത്യാവശ്യ ഘട്ടങ്ങളിൽ ആംബുലൻസ് വാടകയ്ക്കെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്**

സ.ഉ.(സാധാ.)നമ്പർ.1207/2011/തസ്വഭവ തിരുവനന്തപുരം, തീയതി: 13-05-2011

പരാമർശം: (1) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 30.06.2008-ലെ 3.1 (ii) -ാം നമ്പർ തീരുമാനം

(2) സാമൂഹ്യക്ഷേമ വകുപ്പിന്റെ 09.04.2010-ലെ 8164/സി.3/2008/സാ.ക്ഷേ.വ നമ്പർ കുറിപ്പ്

**ഉത്തരവ്**

കേരളത്തിൽ നടപ്പാക്കിയ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സാമൂഹ്യക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിലായിരുന്ന വിവിധ ക്ഷേമ സ്ഥാപനങ്ങൾ (വൃദ്ധമന്ദിരങ്ങൾ, വികലാംഗ മന്ദിരങ്ങൾ മുതലായവ) ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരപ്രദേശങ്ങളിൽ നഗരസഭകൾക്കും കൈമാറുകയുണ്ടായി. ഇത്തരം സ്ഥാപനങ്ങളിലെ അന്തേവാസികളെ ആശുപത്രിയിൽ കൊണ്ടുപോകേണ്ടിവരുന്ന സന്ദർഭത്തിൽ; പ്രത്യേകിച്ച് അസമയങ്ങളിൽ സ്വന്തമായി വാഹനമില്ലാത്തതുകാരണം പല വിധത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. സാമൂഹ്യക്ഷേമ വകുപ്പിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളെ ആശുപത്രിയിൽ എത്തിക്കുന്നതിന് അത്യാവശ്യ ഘട്ടങ്ങളിൽ ആംബുലൻസ് വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവാകുന്നു. വാടകയുടെ നിരക്ക് ജില്ലാ കളക്ടർമാർ നിശ്ചയിച്ചു നൽകേണ്ടതാണ്. നിരക്ക് നിശ്ചയിക്കുന്നതിന്, ഒരു നിശ്ചിത ദൂരം വരെ അടിസ്ഥാന നിരക്കും അതിൽ കൂടുതൽ വരുന്ന ഓരോ കിലോമീറ്റർ ദൂരത്തിനും പ്രത്യേക നിരക്കും എന്ന രീതി അവലംബിക്കാവുന്നതാണ്. വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്ന അവസരത്തിൽ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനായി സ്ഥാപനത്തിന്റെ സൂപ്രണ്ട് ഒരു രജിസ്റ്റർ സൂക്ഷിക്കണം. രജിസ്റ്ററിൽ ബന്ധപ്പെട്ട അന്തേവാസിയുടെ പേര്, വയസ്, ഏത് ആശുപത്രിയിലേക്കാണ് കൊണ്ടുപോയത്, ആകെ സഞ്ചരിച്ച ദൂരം, അനുവദിച്ച വാടക മുതലായ വിവരങ്ങൾ രേഖപ്പെടുത്തി സൂപ്രണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. വാടക നൽകുന്നതിന് മെയിന്റനൻസ്, ജനറൽ പർപ്പസ്, തനത് ഫണ്ടുകൾ വിനിയോഗിക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**

അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
8 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

9 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
10 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
11 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
12 ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
13 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
14 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
15 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
17 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
18 എല്ലാ ടി.എ.ജി. ചെയർമാൻമാർക്കും മെമ്പർ സെക്രട്ടറിമാർക്കും
19 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
20 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
21 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
22 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
23 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
24 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
25 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
26 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
27 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
28 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
29 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
30 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
31 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
32 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്